**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 70 **30.10.2019-ൽ** മറുപടിക്ക്

**<u>പട്ടിക വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥലവും വീടും</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ. ബാബു<br>ശ്രീ. ഒ. ആർ. കേളു | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും ഈ വർഷം തന്നെ സ്ഥലവും വീടും നൽകുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ; | (എ) | ലൈഫ് മിഷൻ മുഖേനയാണ് ഇപ്പോൾ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. ലൈഫ് മിഷന്റെ ലിസ്റ്റിൽ ഉൾപ്പെട്ട 8134 പേർക്ക് ധനസഹായം അനുവദിച്ചു. ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം വീടുവെക്കാൻ സ്ഥലം വാങ്ങുന്നതിന് നടപ്പ വർഷം ഇതുവരെ 1078 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ലൈഫ് മിഷൻ ലിസ്റ്റിലുൾപ്പെട്ട് 2995 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കരാറിലേർപ്പെട്ട് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വിവിധ പദ്ധതികളിലൂടെ ഭൂരഹിതരായ 10497 കുടുംബങ്ങൾക്കും ഈ വർഷം തന്നെ ഭൂമി ലഭ്യമാക്കുന്നതിനു നടപടി സ്വീകരിച്ചു വരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3536 പേർക്ക് 3444.05 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് പൂർത്തിയാകാതെ കിടന്ന വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സാധ്യമായിട്ടുണ്ടോ; | (ബി) | നിർമ്മാണം പൂർത്തീകരിക്കാത്ത പട്ടികജാതിക്കാരുടെ 16360 വീടുകളിൽ 9522 എണ്ണം പട്ടികജാതി വികസന വകുപ്പ് മുഖേനയും സ്പിൽഓവറായിരുന്ന 29674 പട്ടികവർഗ്ഗ ഭവനങ്ങളിൽ 17739 എണ്ണം പട്ടികവർഗ്ഗ വികസന |

| | | | |
|---|---|---|---|
| | | | വകുപ്പ് മുഖേനയും ഈ സർക്കാർ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | വാസയോഗ്യമല്ലാത്ത ഭവനങ്ങളുടെ പുനർ നിർമ്മാണത്തിനോ അവ വാസയോഗ്യമാക്കുന്നതിനോ സഹായം നൽകി വരുന്നുണ്ടോ; | (സി) | സംസ്ഥാനത്തെ വിവിധ വകുപ്പുകൾ മുഖേന മുഴുവൻ ധനസഹായവും കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത പട്ടികജാതി ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനും സ്വന്തമായി നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാൻ കഴിയാത്തവർക്കും നിർദ്ദിഷ്ട മേൽക്കൂര നിർമ്മിക്കാത്തതുമൂലം അവസാന ഗഡു ലഭിക്കാത്തവർക്കും നിർമ്മാണം പൂർത്തീകരിക്കുന്നതിന് പരമാവധി 1.50 ലക്ഷം രൂപ വരെ അനുവദിക്കുന്ന പദ്ധതി 2019-20 വർഷം മുതൽ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ വിവിധ ഏജൻസികൾ മുഖേന നിർമ്മിച്ചതും 6 വർഷം പൂർത്തിയായതുമായ പട്ടികവർഗ്ഗ ഭവനങ്ങളുടെ അറ്റകുറ്റപണികൾക്കും അധിക സൗകര്യം ഏർപ്പെടുത്തുന്നതിനും പരമാവധി 1.50 ലക്ഷം രൂപ വരെ നിലവിൽ അനുവദിക്കുന്നുണ്ട്. |
| (ഡി) | ആവർത്തിച്ചുണ്ടായ പ്രളയം പട്ടികജാതി-പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ടവർക്ക്, വാസപ്രദേശങ്ങളുടെ പ്രത്യേകത കൊണ്ട് വർദ്ധമാനമായ തോതിൽ സൃഷ്ടിച്ച ദുരിതം തരണം ചെയ്യുന്നതിനായി പ്രത്യേക ഇടപെടൽ ഉണ്ടാകുമോ; വിശദമാക്കാമോ? | (ഡി) | 2018 വർഷം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ദുരിതമനുഭവിച്ച 83872 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് 5000/- രൂപ വീതം ധനസഹായം വകുപ്പ് മുഖേന നൽകിയിട്ടുണ്ട്. അതുപോലെതന്നെ 2018 ലുണ്ടായ കാലവർഷക്കെടുതിയിൽ ദുരിതമനുഭവിച്ച 7830 പട്ടികവർഗ്ഗ കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കുകയും വീടുകൾക്കും മറ്റും നാശനഷ്ടങ്ങൾ സംഭവിച്ച 3430 പേർക്ക് സർക്കാർ അനുവദിച്ച പ്രത്യേക ധനസഹായം കൂടാതെ വകുപ്പുമുഖേന 10,000/- രൂപ വീതം ആശ്വാസ ധനസഹായവും അനുവദിച്ചിട്ടുണ്ട്. പ്രളയത്തിൽ ഭൂമി നഷ്ടപ്പെട്ട 16 പട്ടികജാതി കുടുംബങ്ങൾക്ക് മറ്റ് പ്രദേശങ്ങളിൽ ഭൂമി നൽകിയിട്ടുണ്ട്. ഭൂമി നഷ്ടപ്പെട്ട 217 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വീട് പൂർണ്ണമായും തകർന്ന് വാസയോഗ്യമല്ലാതായ 2733 വീടുകളിൽ |

| | | | |
|---|---|---|---|
| | | | യഥാസമയം ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ച 245 പട്ടികജാതി കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്ന 604 പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുകളിൽ 16 എണ്ണത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. 2019 ലെ കാലവർഷക്കെടുതിയിൽ പൂർണ്ണമായും തകർന്ന 448 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വീടുകളുടെ പ്രാഥമിക പരിശോധന അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ